"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സെക്രട്ടറിമാരായ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.പി എം. ഷെഫീഖിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.571/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/03/2019**

---

പരാമർശം:- 1 ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുമ്പാകെ ഏറ്റുമാനൂർ നഗരസഭ ചെയർമാൻ ശ്രീ. ജെയിംസ് തോമസ് സമർപ്പിച്ച 20.04.2016-ലെ പരാതി

2 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.05.2016-ലെ ഇ5-14884/2016 നമ്പർ കത്ത്

3 സർക്കാരിന്റെ 04.07.2018-ലെ ഇപിബി2/149/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എസ്. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 01.12.2018-ലെ PAN/22074/2018-D5(DP) നമ്പർ കത്ത്

## ഉത്തരവ്

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഔദ്യോഗിക ഫയലുകൾ നഷ്ടപ്പെട്ടതിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും അപേക്ഷിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഏറ്റുമാനൂർ നഗരസഭാ ചെയർമാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നൽകിയ പരാതി അനന്തര നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (2) പ്രകാരം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ഔദ്യോഗിക ഫയലുകൾ നഷ്ടപ്പെട്ടതിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ച ഉണ്ടായതായും ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം അനധികൃതമായി പഞ്ചായത്ത് വസ്തു കൈവശം വച്ചിരുന്ന ടിപ്പ്ലി ബാർ ഹോട്ടൽ ഉടമകൾ ഉൾപ്പെടെയുള്ളവരിൽ നിന്നും നിയമാനുസരണം പഞ്ചായത്ത് ഭൂമി തിരികെ എടുത്ത് ആയതിന്റെ മുഴുവൻ രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരുന്നതായും ആയത് സംബന്ധിച്ച് ടിപ്പ്ലി ബാർ ഉടമകൾ നൽകിയ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ രേഖകൾ ഹാജരാക്കാൻ പരിശോധിച്ച സമയത്ത് ടി

ഫയലുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ടതായും അവ സ്വകാര്യ വ്യക്തികൾക്ക് ലാഭമുണ്ടാക്കുന്നതിനായി ചെയ്തതാണെന്ന് നഗരസഭാ ചെയർമാൻ മൊഴി നൽകിയിട്ടുള്ളതായും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ചതിൽ ഏറ്റുമാനൂർ മുൻസിപ്പാലിറ്റി നഗരസഭയായി ഉയർത്തിയ സമയത്ത് ഫയലുകൾ നഷ്ടമായി എന്ന കാരണത്താൽ അച്ചടക്ക നടപടി സ്വീകരിച്ചുകൊണ്ടിരുന്ന പല ഫയലുകളിലും അന്വേഷണം നടത്തുന്നതിനോ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിനോ സാധിച്ചിട്ടില്ല. ഒരു ഓഫീസ് ഷിഫ്റ്റ് ചെയ്യുമ്പോൾ ഓഫീസിലെ പ്രധാന രേഖകൾ നഷ്ടാപ്പെടാതെ സൂക്ഷിക്കേണ്ട കർത്തവ്യം ടി ഓഫീസിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനുതന്നെയാണ്. ഈ സാഹചര്യത്തിൽ ടി ഓഫീസിലെ സെക്രട്ടറിക്കു ഫയലുകൾ നഷ്ടപ്പെട്ടതിൽ നിന്ന് ഒഴിഞ്ഞു മാറാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ സെക്രട്ടറിമാരായ ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ ഷറഫുദ്ദീൻ എസ്. എന്നിവർ യഥാക്രമം 31.11.2015, 30.04.2017 എന്നീ തീയതികളിൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ടിയാളുകൾക്കെതിരെ കെ.സി.എസ്. (സിസി&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ ഷറഫുദ്ദീൻ എസ്. എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം ആജീവനാന്തം കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം ( 3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എന്നിവർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ ഷറഫുദ്ദീൻ എസ്. എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം ആജീവനാന്തം കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.പി എം ഷെഫീഖിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ.പി എം ഷെഫീഖ , പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം

   (പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസ്, എതിർവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

   (ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

5. ശ്രീ. ഷറഫുദ്ദീൻ എസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

7. സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ, കോട്ടയം

8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/149/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ